ബാങ്കിൽ അടയ്ക്കുന്നതിന്റെ എത്രയോ ഇരട്ടി വരുന്ന ബെനിഫിറ്റ് ഉണ്ടാകും. അതാണു കാര്യം.

ദേശസാൽകൃത ബസ് റൂട്ടുകൾ

* 257 [278] ശ്രീ. കെ. പങ്കജാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദേശസാൽകൃത ബസ് റൂട്ടുകൾ ഉള്ളത് ഏതെല്ലാം ;

(ബി) അവിടെയെല്ലാം വേണ്ടത്ര ബസ്സുകൾ ഓടുന്നുണ്ടോ ;

(സി) ദേശസാൽകൃത റൂട്ടുകളിൽ പലതിലും കെ. എസ്. ആർ. ടി. സി. ഓടിച്ചിരുന്നതിന്റെ പകുതി ബസ്സുകൾ പോലും ഇപ്പോൾ ഓടുന്നില്ലെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ, പ്രസ്തുത പ്രദേശങ്ങളിൽ കൂടുതൽ ഷെഡ്യൂളുകളും ബസ്സുകളും അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) സംസ്ഥാനത്തെ ദേശസാൽക്കൃത റൂട്ടുകളുടെ ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി യും ഡി യും) 62 യൂണിറ്റുള്ളതിൽ 61 യൂണിറ്റിലും 50 ശതമാനത്തിൽ കൂടുതൽ ബസ്സുകൾ ഓടുന്നുണ്ട്. സാമ്പത്തികഭദ്രതയ്ക്കുവരുന്ന മുറയ്ക്ക് കൂടുതൽ ഷെഡ്യൂളുകൾ ഓടിക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. കെ. പങ്കജാക്ഷൻ : പകുതിയിൽ കൂടുതൽ ബസ്സുകൾ ഓടുന്ന യൂണിറ്റുകളാണ് കൂടുതലുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അത് പൂർണ്ണമായും ശരിയല്ല. അദ്ദേഹം ഈ വകുപ്പിന്റെ ചാർജ്ജ് എടുക്കുകയും പുതിയ ചെയർമാൻ നിയമിതനാവുകയും ചെയ്തതിനുശേഷം കട്ടപ്പുറത്തിരുന്ന വണ്ടികൾ കുറെ പുറത്തിറക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ശരിയാണ്. എന്നാൽ എന്റെ നിയോജകമണ്ഡലത്തിലെ കാട്ടാക്കട സബ്ഡിപ്പോയും നെടുമങ്ങാട് ഡിപ്പോയും മലംപ്രദേശങ്ങളിലുള്ള ആംത്തിരക്കേറിയ റൂട്ടുകളിൽ ബസ്സുകൾ ഓടിക്കുന്ന യൂണിറ്റുകളാണ്. അവിടങ്ങളിൽ ഷെഡ്യൂളുകൾ കുറച്ചത് മുഴുവനായി പുനരാരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ബസ്സുകൾ കൊടുത്തിട്ടില്ല. ഇക്കാര്യത്തിൽ എന്തു നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട് ?

ശ്രീ. പി. കെ. വേലായുധൻ : കാട്ടാക്കട ഡിപ്പോയിൽ 60 ബസ്സുകളും നെടുമങ്ങാട് ഡിപ്പോയിൽ 71 ബസ്സുകളുമാണുള്ളത്. കാട്ടാക്കടയിൽ 46 ബസ്സുകളും നെടുമങ്ങാട് 54 ബസ്സുകളും ഓടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അടിയന്തിരമായി കാട്ടാക്കടയിൽ 6 ബസ്സും നെടുമങ്ങാട് 8 ബസ്സും ഈയടുത്ത ആഴ്ചയിൽതന്നെ ഇറങ്ങുന്നതുമാണ്. ബാക്കി വർക്ക്ഷോപ്പുകളിലുള്ള വണ്ടികൾ ഇറങ്ങുന്ന മുറയ്ക്ക് കാൻസൽ ചെയ്ത ഷെഡ്യൂളുകൾ ഓടിപ്പിക്കാൻ കഴിയുന്നതുമാണ്.

ശ്രീ. കെ. പങ്കജാക്ഷൻ : വിതുര, ആനപ്പാറ, കല്ലാർ, പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിലേക്കുള്ള പ്രധാന റൂട്ട് മുതലായവ തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

നെടുമങ്ങാടു വഴിയുള്ളതാണ്. പൊൻമുടി, കല്ലാർ പ്രദേശങ്ങളിൽ നിന്ന് തിരുവനന്തപുരത്തേക്കും മറ്റും സർക്കാർ ജോലിയ്ക്കും അല്ലാതെയും വരുന്ന ആൾക്കാർക്കും വലിയ ബുദ്ധിമുട്ടാണ്. ഈ പ്രദേശങ്ങളിൽ കാട്ടാക്കട ക്രിസ്ത്യൻ കോളേജ്, നെടുമങ്ങാട് ഗവൺമെൻറ് ജൂനിയർ കോളേജ്, പെരിങ്ങമ്മല കോളേജ് എന്നീ മൂന്നു കോളേജുകളും ഉണ്ട്. ഈ കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്റ്റുഡൻറ്സ് ഒൺലി ബസ്സുകളും പ്രത്യേകമായും കൂടുതലായും ഇടുന്നതിനും തിരുവനന്തപുരത്തും മറ്റും പ്രവർത്തിയെടുക്കുന്ന ആളുകൾക്കുവേണ്ടി പ്രത്യേക സർവ്വീസുകളും നടത്തുന്നതിനും ഒരു നടപടിയുണ്ടാകുമോ ?

ശ്രീ. പി. കെ. വേലായുധൻ : തീർച്ചയായും നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. സി. ജോസഫ് : എൻറെ നിയോജകമണ്ഡലത്തിൽപ്പെട്ട തളിപ്പറമ്പ്-കുടിയാൻമല ദേശസാൽകൃത റൂട്ടാണ്. പതിവ് ഷെഡ്യൂളുകൾ അവിടെ ഓടുന്നില്ല. ഒരു നയം എന്നുള്ള നിലയ്ക്ക് മറ്റു മേഖലകളിലേക്ക് സർവ്വീസ് ആരംഭിക്കുന്നതിനു മുമ്പായി ദേശസാൽകൃത മേഖലയിലുള്ള എല്ലാ ഷെഡ്യൂളുകളും ഉടനെ നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ : അതുതന്നെയാണ് ഗവൺമെൻറിൻെറ നയം. ദേശസാൽകൃത റൂട്ടുകളിലുള്ള ഷെഡ്യൂളുകൾ പൂർണ്ണമായും ഓടിപ്പിക്കാനുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : കെ. എസ്. ആർ. ടി. സി.ക്ക് വേണ്ടത്ര ബസ്സുകളില്ലാത്തതുകൊണ്ട് ഏതെങ്കിലും ദേശസാൽകൃത മേഖലയിൽ സഹകാര്യവ്യക്തികൾക്ക് ബസ്സ് ഓടിക്കാൻ അനുമതി നൽകിയിട്ടുണ്ടോ ? ദേശസാൽകൃത നയത്തെ തകർക്കുന്ന ഇത്തരം നടപടികൾ അവസാനിപ്പിച്ച് ബസ്സുകളില്ലായെന്നുണ്ടെങ്കിൽ സഹകാര്യ വ്യക്തികളിൽനിന്ന് ബസ്സ് വാടകയ്ക്കെടുത്ത് മറ്റു സംസ്ഥാനങ്ങളിൽ ചെയ്യുന്നതുപോലെ കെ. എസ്. ആർ. ടി. സി. യുടെ നിയന്ത്രണത്തിൽ. ഇത് ഏർപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ : എറണാകുളം, ആലപ്പുഴ റൂട്ടിലും വയനാട് ജില്ലയിലും ഓവർലാപ്പിംഗ് അനുവദിച്ചുകൊണ്ട് ഒരു നടപടി കഴിഞ്ഞ വർഷം ഗവൺമെൻറ് സ്വീകരിക്കുകയുണ്ടായി അവിടെയുള്ള ജനപ്രതിനിധികളുടെയും അതുപോലെതന്നെ യാത്രക്കാരുടെയും ആവശ്യത്തെ മാനിച്ചാണ് അങ്ങനെ ഒരു തീരുമാനം എടുത്തത്. കെ. എസ്. ആർ. ടി. സി. യിൽ കൂടുതൽ ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആ റൂട്ടുകളിൽ കൂടുതൽ ബസ്സുകൾ ഓടിപ്പിക്കുകയും പ്രൈവറ്റ് ബസ്സ് ഓട്ടോമാറ്റിക്കായി പിൻവാങ്ങുകയും ചെയ്യും. ആ കണ്ടിഷനിലാണ് പെർമിറ്റ് കൊടുത്തിട്ടുള്ളത്.

ശ്രീ. ഇ. കെ. നായനാർ : സാമ്പത്തിക ഭദ്രതയനുസരിച്ച് പുതിയ ബസ്സുകൾ ഓടിക്കുമെന്നാണ് പറഞ്ഞത്. എന്നാൽ ഇതുവരെ 1000 കോടി രൂപ കെ. എസ്. ആർ. ടി. സി. യ്ക്ക് നഷ്ടമാണെന്നാണ് റിപ്പോർട്ട്. അതിൽ സത്യമുണ്ടോ ? എത്രകോടിരൂപയാണ് നഷ്ടം?.

ശ്രീ. പി. കെ. വേലായുധൻ : കഴിഞ്ഞ സമ്മേളനകാലത്ത് ഒരു ചോദ്യത്തിനു മറുപടിയായി സഭയിൽ വെളിപ്പെടുത്താൻ കഴിഞ്ഞ വിവരം 1965

LIBRARY ARCHIVES Kerala Legislative Assembly

ഏപ്രിൽ ഒന്നു മുതൽ 1986 മാർച്ച് 31 വരെ 104 കോടിയിൽപ്പരം രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട് എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ : വയനാട് റൂട്ടിൽ, കോഴിക്കോട് മാനന്തവാടി റൂട്ടും കോഴിക്കോട് സുൽത്താൻ ബത്തേരി റൂട്ടും ദേശസാൽകരിച്ച ശേഷം അവിടെയുണ്ടായ യാത്ര പ്രശ്നം കൊണ്ട് വളരെയധികം ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടായതിന്റെ അടിസ്ഥാനത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടിക്കാരും ജനപ്രതിനിധികളും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഓവർലാപ്പിംഗ് അവിടെ അനുവദിച്ചത്. എങ്കിൽതന്നെയും ഒരു പരിധിവരെ മാത്രമെ അവിടത്തെ യാത്രാപ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളു. ഈ ദേശസാൽക്കരിച്ച റൂട്ടുകളിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസ്സ് ഓടിക്കുന്നില്ല എന്നുള്ളതാണ് ജനങ്ങളുടെ പരാതി. പ്രൈവറ്റ് ബസ്സ് ഓടിക്കുന്നതിന്റെ പുറകെയാണ് ട്രാൻസ്പോർട്ട് ബസ്സ് ഓടിക്കുന്നത്. അതുകൊണ്ട് പൂർണ്ണമായും ദേശസാൽക്കരിച്ച റൂട്ടുകളിൽ ട്രാൻസ്പോർട്ട് ബസ്സ് ഓടിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ : പൂർണ്ണമായും വണ്ടികളും ഓടിപ്പിക്കാൻ ശ്രമിക്കുകയാണ്. ആ കൂട്ടത്തിൽ വയനാട് ജില്ലയിൽ 40 റൂട്ടുകളിൽ ഓവർലാപ്പിംഗ് പെർമിറ്റ് കൊടുത്തിട്ടുണ്ട്.

ശ്രീമതി. കെ. ആർ. ഗൗരി : സാമ്പത്തിക ഭദ്രത കൈവന്നതിനുശേഷം പുതിയ റൂട്ടുകളും എടുക്കാൻ ആലോചിക്കുമെന്നാണ് പറഞ്ഞത്. എന്ന് ഈ കോർപ്പറേഷനു സാമ്പത്തിക ഭദ്രത വരുമെന്നു ഗവൺമെന്റിനു ഒരു മാനദണ്ഡമുണ്ടോ ?

ശ്രീ. പി. കെ. വേലായുധൻ : 7-ാം പദ്ധതി അവസാനത്തോടുകൂടി കെ. എസ്. ആർ. ടി. സി. യുടെ സാമ്പത്തികനില മെച്ചപ്പെടുത്താൻ കഴിയുമെന്നാണു പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർവ്വീസു നടത്തുന്ന റൂട്ടുകളിൽ കഴിഞ്ഞ ഒക്ടോബറിലോ മറ്റോ കർശനമായിട്ട് ട്രക്കർ, ടെംബോ വാനുകളും നിയന്ത്രിച്ചതിനുശേഷം കളക്ഷനിൽ വല്ല മാറ്റവും ഉണ്ടായതായി തോന്നുന്നുണ്ടോ ?.

ശ്രീ. പി. കെ. വേലായുധൻ : നെയ്യാറ്റിൻകര മുതൽ അങ്കമാലിവരെയുള്ള നാഷണൽ ഹൈവേയിൽ ട്രക്കർ, ടെംബോ വാൻ സർവ്വീസുകളുടെ ഓട്ടം നിയന്ത്രിച്ചതിനുശേഷം 1985-ലെ കളക്ഷനും 1986-ലെ കളക്ഷനും പറയാം. 1985 ഒക്ടോബറിൽ അഞ്ചു കോടി അറുപതുലക്ഷം രൂപയാണെങ്കിൽ 1986 ഒക്ടോബറിൽ എട്ടു കോടി മുപ്പത്തിനാലുലക്ഷം. രൂപയാണ്. പ്രതിദിന വരുമാനത്തിൽ ഏറ്റവും കൂടുതൽ കളക്ഷൻ കിട്ടിയത് നവംബർ 3-ാം തീയതിയാണ്. അന്ന് മുപ്പത്തിനാലു ലക്ഷം രൂപയുടെ കളക്ഷനുണ്ടായിരുന്നു. അത് റിക്കാർഡ് കളക്ഷനാണ്.

ശ്രീ. ആർ. എസ്. ഉണ്ണി : ദേശസാൽക്കരിക്കാത്ത റൂട്ടുകളിൽ കാലാകാലങ്ങളിൽ വണ്ടികളുടെ എണ്ണത്തിന്റെ നെസസിറ്റി അസ്സസു ചെയ്യുന്ന ഒരു സംപ്രദായമുണ്ട്. അതനുസരിച്ച് പെർമിറ്റ് കാംഫാർ ചെയ്യുന്നു. പെർമിറ്റ് കൊടുക്കുന്നു. ദേശസാൽക്കരിച്ച റൂട്ടുകളിൽ ഈ നെസ്സറി

LIBRARY ARCHIVES Kerala Legislative Assembly

അസസ്സ്ചെയ്യുന്ന സംപ്രദായം കാലാകാലങ്ങളിൽ സ്വീകരിക്കാറുണ്ടോ ? നിലവിലുള്ള ഷെഡ്യൂളുകൾ എന്നു നിശ്ചയിച്ചതാണ് ? നെസസിറ്റി വർദ്ധിച്ച് വരുന്നതിനനുസരിച്ച് നെസസിറ്റി അസസ്സു ചെയ്ത് കൂടുതൽ ഷെഡ്യൂളുകൾ ഉണ്ടാക്കുന്നതിന് നടപടികൾ സ്വീകരിക്കാറുണ്ടോ ?

ശ്രീ. പി. കെ. വേലായുധൻ : ഷെഡ്യൂളുകൾ പല കാലങ്ങളിലായിട്ടുണ്ടാക്കിയതാണ്. ഈ പറഞ്ഞതുപോലെ നെസസിറ്റിയെ സംബന്ധിച്ചിടത്തോളം കെ. എസ്. ആർ. ടി. സി. പരിശോധന നടത്താറുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ : കൊടുങ്ങല്ലൂരിൽനിന്നും ഇരിങ്ങാലക്കുടവഴി തിരുവനന്തപുരത്തേക്ക് സർവ്വീസ് നടത്തികൊണ്ടിരുന്ന എക്സ്പ്രസ്സ് ബസ് ഇരിങ്ങാലക്കുട ബന്ധപ്പെടാതെ ഇപ്പോൾ സർവ്വീസു നടത്തുന്നതു കൊണ്ട് പുതിയതായി ഇരിങ്ങാലക്കുടയിൽനിന്നും ഒരു ബസ് സർവ്വീസ് ആരംഭിക്കാൻ നടപടി എടുക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ : കോട്ടപ്പുറം പാലത്തിന്റെ പണി തുറന്നതുമുതൽ ആ ബസ് കോട്ടപ്പുറം, പറവൂരിൽകൂടി ഓടിക്കുകയാണ്. ഇരിങ്ങാലക്കുടയിൽനിന്നും ഒരു പുതിയ സർവ്വീസ് തുടങ്ങാൻ ആലോചനയുണ്ട്.

ശ്രീ. വി. ദിനകരൻ : പൂർണ്ണമായും ദേശസാൽക്കരിക്കപ്പെട്ട ഒരു മേഖലയാണ് ആലപ്പുഴ. അവിടത്തെ യാത്രാ സൗകര്യത്തിന്റെ ബുദ്ധിമുട്ടുകൾ പരിഗണിച്ച് കൂടുതൽ ബസ്സുകൾ ആലപ്പുഴ ഡിപ്പോയ്ക്ക് നൽകാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ : ആലപ്പുഴയിൽ ഇപ്പോൾത്തന്നെ ഒരു എക്സ്പ്രസ്സ് ബസ്സും 19 ഫാസ്റ്റും 72 ഓർഡിനറി ബസ്സുകളുമുണ്ട്. നമ്മുടെ ബസ്സിന്റെ ലഭ്യതയനുസരിച്ചേ ഈ നിർദ്ദേശം പരിഗണിക്കാൻ കഴിയുകയുള്ളു.

ശ്രീ. എ. കെ. പത്മനാഭൻ : ദേശസാൽകൃത റൂട്ടല്ലെങ്കിലും ദേശസാൽകൃത റൂട്ടിനോളം പ്രാധാന്യമുള്ളതും കുറഞ്ഞ സമയം കൊണ്ട് വയനാട്ടിലേക്ക് എത്താൻ കഴിയുന്നതുമായ അത്തോളി പേരാംപുറ വഴിക്ക് കൂടുതൽ ട്രാൻസ്പോർട്ട് ബസ്സുകൾ ഓടിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. കെ. വേലായുധൻ ; ആ പാലം തുറന്നതിനുശേഷം കെ. എസ്. ആർ. ടി. സി. കൂടുതൽ ബസ്സുകൾ ഓടിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. കൂടുതൽ വണ്ടികൾ കിട്ടുന്ന മുറയ്ക്ക് ഓടിക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. കെ. മുസ്സക്കുട്ടി : ദേശസാൽക്കൃത റൂട്ടായ കോഴിക്കോട് വയനാട് റൂട്ടിൽ താമരശ്ശേരി സബ് ഡിപ്പോയിൽ നൽകിയിരുന്ന എല്ലാ ബസ്സുകളും പിൻവലിക്കുകയും ഇപ്പോൾ രണ്ടു മൂന്നു ബസ്സുകൾ മാത്രം ഓടിക്കൊണ്ടിരിക്കുകയും ഓവർലാപ്പിംഗ് അനുവദിച്ച് നൽകികൊണ്ട് സഹകാര്യ മേഖലയിലുള്ള ബസ്സുകാർക്ക് സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തതിന്റെ ഫലമായി നാട്ടുകാർ അവിടെ വിഷമിക്കുന്നു. യാത്ര ചെയ്യാൻ ബസ്സില്ല. ഇത് പിൻവലിച്ച നടപടി ശരിയാണോ ?

ശ്രീ. പി. കെ. വേലായുധൻ ; താമരശ്ശേരി ഓപ്പറേറ്റിംഗ് സെന്ററായിരുന്നു. സബ് ഡിപ്പോയായി ഉയർത്തിയതിനുശേഷം അവിടെ 22 ബസ്സുകളായി വർദ്ധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly